സജ്ജീകരണങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ ; അവ വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ആവശ്യമായ ഫോറങ്ങൾ വിതരണം ചെയ്യുന്നതിനും, സംശയങ്ങൾ ലഘൂകരിച്ചു കൊടുക്കുന്നതിനുമുള്ള ഇൻഫർമേഷൻ കൗണ്ടറുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്നും, ജീവനക്കാർ മാന്യമായി പെരുമാറുന്നില്ലെന്നുമുള്ള പരാതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗരസഭകളിൽ വിവിധ ആവശ്യങ്ങൾക്കുവേണ്ടി എത്തുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നഗരസഭകളിലെ നടപടിക്രമങ്ങൾ വിവരിച്ചുകൊണ്ട് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം മറ്റു സേവനങ്ങൾ നൽകുന്നതിലേക്കായി ഫ്രണ്ട് ഓഫീസ് സംവിധാനം ചില നഗരസഭകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി സംവിധാനം നടപ്പിലാക്കാത്ത നഗരസഭകളിൽ ആയത് നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും അപേക്ഷയിന്മേലുള്ള തീർപ്പ് കൽപ്പിക്കുന്നതിന് അപ്പലേറ്റ് അതോറിറ്റികൾ

104 (6022) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും അപേക്ഷകളിൻമേലുള്ള തീർപ്പുകളിൽ അപ്പീൽ നൽകുന്നതിലേക്ക് സംസ്ഥാനത്ത് എത്ര അപ്പലേറ്റ് അതോറിറ്റികൾ ഉണ്ട് ; അവ എവിടെയെല്ലാമെന്നെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അപ്പലേറ്റ് അതോറിറ്റിയിൽ എത്ര കേസുകൾ തീർപ്പിനായി കെട്ടിക്കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിലേക്ക് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അവയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ഇ) അപ്പലേറ്റ് അതോറിറ്റികളുടെ എണ്ണം വർദ്ധിപ്പിച്ച് എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും അതിന്റെ സിറ്റിംഗ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും അപേക്ഷകളിൻമേലുള്ള തീർപ്പ് അപ്പീൽ നൽകുന്നതിലേക്ക് ട്രൈബ്യൂണൽ ഫോർ ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന ഒരു അപ്പലേറ്റ് അതോറിറ്റി- തിരുവനന്തപുരത്ത് ട്രിഡാ ബിൽഡിംഗ്സ്, റീഹാബിലിറ്റേഷൻ ബ്ലോക്ക് മെഡിക്കൽ കോളേജ് പി.ഒ. പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) ട്രൈബ്യൂണലിൽ തീർപ്പിനായി കേസുകൾ ഒന്നും തന്നെ കെട്ടിക്കിടക്കുന്നില്ല. 2010 ജൂൺ മാസം 31-ാം തീയതിവരെ ഈ ട്രൈബ്യൂണലിൽ 566 അപ്പീലുകളും 89 റിവിഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ട്രിബൂണിലിൽ ഫയൽ ചെയ്യുന്ന അപ്പീലുകളും റിവിഷനുകളും സമയബന്ധിത മായി തീർപ്പു കൽപ്പിക്കുന്നുണ്ട്.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിനു മുൻപാകെ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം അടിസ്ഥാനമാക്കിയാൽ കൂടുതൽ ട്രൈബ്യൂണലുകളൊന്നും സ്ഥാപിക്കേണ്ടതില്ല എന്നതാണ് സർക്കാർ നിലപാട്.

ഓംബുഡ്സ്മാൻ തീർപ്പാക്കിയ കേസ്സുകൾ

105 (6023) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ മുമ്പിൽ എത്ര പരാതികൾ ലഭിച്ചു ;

(ബി) അതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഓംബുഡ്സ്മാൻ തീർപ്പാക്കിയ എത്ര കേസുകളിൽ വിധി തീർപ്പ് നടപ്പിൽ വരുത്തുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓംബുഡ്സ്മാന്റെ വിധി തീർപ്പ് നടപ്പിൽ വരുത്തുവാനുള്ള ബുദ്ധി മുട്ടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത് സംബന്ധിച്ച് ഓബുഡ്സ്മാൻ സർക്കാരിന് എന്തെങ്കിലും ശുപാർശകൾ നൽകിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ജി) ഓംബുഡ്സ്മാന്റെ അധികാര പരിധി വർദ്ധിപ്പിക്കാൻ എന്തെങ്കിലും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 6811 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 5054 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(സി & ഡി) ഓംബുഡ്സ്മാന്റെ വിധി തീർപ്പുകൾ നടപ്പിൽ വരുത്തേണ്ട ചുമതലയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവരം ശേഖരിച്ച് മറുപടി ലഭ്യമാക്കുന്നതാണ്.

(ഇ) വിധിതീർപ്പുകൾ നടപ്പിൽ വരുത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഓംബുഡ്സ്മാൻ ശുപാർശകളൊന്നും സർക്കാരിന് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly